## കൊവിഡ് 19

## പാട്ടും കവിതയും ഫോട്ടോഗ്രാഫിയുമായി സൈബർ അരങ്ങ്.

## ലോക്ക്ഡൗൺ കാലം സർഗാത്മകമാക്കി കുടുംബശ്രീ വനിതകൾ

കൊറോണ വൈറസ് വ്യാപന ഭീതിയെ ദൂരെയകറ്റി ലോക്ക് ഡൗൺ കാലം സർഗാത്മക വാസനകൾ വീണ്ടെടുക്കുന്നതിനുള്ള അവസരമാക്കി മാറ്റുകയാണ് എറണാകുളം ജില്ലയിലെ കുടുംബശ്രീ വനിതകൾ. ലോക്ക്ഡൗണിനെ തുടർന്ന് വീടിനുള്ളിൽ കഴിയുന്ന സ്ത്രീകൾക്ക് കലാപരമായ പ്രവർത്തനങ്ങളിലേർപ്പെട്ടു കൊണ്ട് വിരസതയും മാനസിക സമ്മർദ്ദവുമകറ്റുന്നതിനും സൈബർ അരങ്ങ് എന്ന പേരിൽ വ്യത്യസ്തമായ പരിപാടികളാണ് ജില്ലാമിഷന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നത്. സാമൂഹിക അകലം പാലിക്കുന്നതിന്റെ ഭാഗമായി വാട്ട്സാപ് ഗ്രൂപ്പുകൾ വഴിയാണ് നിലവിൽ കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രായപരിധിയോ മറ്റ് മാനദണ്ഡങ്ങളോ ഒന്നുമില്ല. വേണ്ടത് സർഗശേഷിയും അത് പ്രയോജനപ്പെടുത്താനുള്ള ആവേശവും മാത്രം. സൈബർ അരങ്ങു വഴി അയൽക്കൂട്ട വനിതകൾ ഇതു തെളിയിക്കുമെന്നു തന്നെയാണ് കുടുംബശ്രീയുടെ പ്രതീക്ഷ. സാമൂഹിക അകലം പാലിച്ചു കൊണ്ട് വീടിനുള്ളിൽ കഴിയുന്ന സ്ത്രീകൾക്കായി വാട്ട്സാപ് മത്സരങ്ങളാണ് കുടുംബശ്രീ ആസൂത്രണം ചെയ്തിരിക്കുന്നത്. നല്ല പാട്ടുകാരി, എന്റെ കവിത, ഫോട്ടോഗ്രാഫി എന്നിങ്ങനെ മൂന്നിനങ്ങളിലാണ് മത്സരം നടത്തുന്നത്. സംഘടനാ സംവിധാനവും ജെൻഡർ വിഭാ ഗവും സംയുക്തമായാണ് പരിപാടികളുടെ മേൽനോട്ടവും നടത്തിപ്പും.

ജില്ലയിലെ 101 സി.ഡി.എസുകളിലും എ.ഡി.എസുകളിലും അയൽക്കൂട്ടതലത്തിലും ഇതുമായി ബന്ധപ്പെട്ട് വാട്ട്സാപ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഏപ്രിൽ ഒന്നു മുതൽ അഞ്ചു വരെ നടത്തിയ സൈബർ അരങ്ങ് മത്സരത്തിൽ മികച്ച പാട്ടുകാരിയെ

കണ്ടെത്താനുള്ള മത്സരമാണ് സംഘടിപ്പിച്ചത്. 26,514 അയൽക്കൂട്ടങ്ങളിലെ 3,75,335 അംഗങ്ങൾക്ക് പങ്കെടുക്കാൻ കഴിയുന്ന തരത്തിലായിരുന്നു മത്സരത്തിന്റെ സംഘാടനം. അയൽക്കൂട്ട വനിതകൾ പാടിയ ഒരു പാട്ടിന്റെ വീഡിയോ അയൽക്കൂട്ടത്തിന്റെ വാട്ട്സാപ് ഗ്രൂപ്പിലേക്ക് അയച്ചു കൊടുത്തു. പിന്നീട് അത് എ.ഡി.എസിലേക്കും അവിടെ നിന്നും സി.ഡി.എസിലേക്കും എത്തിക്കുന്നു. പിന്നീട് സി.ഡി.എസിന്റെ നേതൃത്വത്തിൽ സംഗീത മേഖലയിൽ നിന്നുള്ള വിധികർത്താക്കൾക്ക് മത്സരത്തിൽ ലഭിച്ച പാട്ടുകളെല്ലാം അയച്ചു കൊടുത്തിട്ടുണ്ട്. അതിനു ശേഷം ഓരോ സി.ഡി.എസിൽ നിന്നും ഏറ്റവും മികച്ച ഒരു ഗാനം വീതം സെലക്ട് ചെയ്ത് അത് ബ്ളോക്കിലേക്ക് അയച്ചു കൊടുക്കുന്ന നടപടികളും പൂർത്തിയാക്കി. ഇങ്ങനെ ലഭിച്ച 101 പാട്ടുകളിൽ നിന്നും ബ്ളോക്ക് തലത്തിൽ ഏറ്റവും മികച്ച 14 ഗായകരെ കണ്ടെത്തുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഇതിനുള്ള ചുമതല കുടുംബശ്രീയുടെ ജെൻഡർ വിഭാഗത്തിനു കീഴിലുള്ള സ്നേഹിത ഹെൽപ് ഡെസ്ക്കിനാണ്. ലോക്ക് ഡൗൺ കാലത്തിനു ശേഷം 14 ഗായികമാരിൽ നിന്നും ജില്ലാതലത്തിൽ ഏറ്റവും മികച്ച ഗായികയെ കണ്ടെത്തും. 720 സ്ത്രീകളാണ് നല്ല പാട്ടുകാരി മത്സരത്തിൽ ആവേശപൂർവം പങ്കെടുത്തത്.

ഏപ്രിൽ ആറു മുതൽ 10 വരെ നടത്തുന്ന എന്റെ കവിതാ മത്സരമാണ് സ!!ൈ!!ബർ അരങ്ങിലെ മറ്റൊരു രസകരമായ ഇനം. അയൽക്കൂട്ട വനിതകൾക്ക് തങ്ങൾക്കിഷ്ടമുള്ള വിഷയത്തിൽ എട്ടു വരികളുള്ള ഒരു കവിത എഴുതി ആദ്യം അയൽക്കൂട്ട വാട്ട്സാപ് ഗ്രൂപ്പിലേക്ക് പോസ്റ്റ് ചെയ്യാം. അവിടെ നിന്നും എ.ഡി.എസ്, സി.ഡി.എസ് ഗ്രൂപ്പിലേക്കും പിന്നീട് ഈ കവിതകൾ എത്തിക്കും. ഇങ്ങനെ ഓരോ സി.ഡി.എസിലും ലഭിക്കുന്ന കവിതകൾ അതത് സി.ഡി.എസിന്റെ നേതൃത്വത്തിലുള്ള വിധികർത്താക്കൾക്ക് അയച്ചു കൊടുക്കുകയും ഓരോ സി.ഡി.എസിൽ നിന്നും ഏറ്റവും മികച്ച ഒരു കവിത വീതം തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന 101 കവിതകൾ ബ്ളോക്ക് തല മത്സരത്തിനായി അയച്ച് അതിൽ നിന്നും 14 കവിതകൾ തിരഞ്ഞെടുക്കുകയും

ഒടുവിൽ ജില്ലാതല മത്സരം നടത്തി വിജയിയെ കണ്ടെത്തുകയും ചെയ്യും. 101 കവിതകൾ ഉൾപ്പെടുത്തി ഒരു കവിതാ സമാഹാരവും കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കും.

ഫോട്ടോഗ്രാഫിയിൽ താൽപര്യമുള്ള വനിതകൾക്ക് പങ്കെടുക്കാൻ  അവസരമൊരുക്കി ഫോട്ടോഗ്രാഫി മത്സരവും സൈബർ അരങ്ങിലുണ്ട്. ലോക്ക് ഡൗൺ കാലത്ത് അയൽക്കൂട്ട വനിതകൾ തങ്ങളുടെ ചുറ്റുപാടുകളിൽ നിന്നും കണ്ടെത്തിയ തികച്ചും മാതൃകാപരവും അനുകരണീയവുമായ  ഒരു ദൃശ്യം  എന്നതാണ് ഫോട്ടോഗ്രാഫിക്കു നൽകിയിരിക്കുന്ന വിഷയം. ഇതു പ്രകാരം മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ പരിസരങ്ങളിൽ കണ്ട മികച്ചൊരു ദൃശ്യത്തിന്റെ ചിത്രമെടുത്ത് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യാവുന്നതാണ്.  മൊബൈലോ ക്യാമറയോ ഇതിനായി ഉപയോഗിക്കാം. ആശയത്തിന്റെ പ്രസക്തിയും പ്രാധാന്യവുമാണ് വിലയിരുത്തുക. നല്ല പാട്ടുകാരി, എന്റെ കവിത തുടങ്ങിയ മത്സരങ്ങളുടെ അതേ മാനദണ്ഡങ്ങൾ തന്നെയാണ് ഫോട്ടോഗ്രാഫി മത്സരത്തിനും.

എല്ലാ മത്സരങ്ങളും അതത് അയൽക്കൂട്ടത്തിന്റെ വാട്ട്സാപ് ഗ്രൂപ്പ് വഴിയാണ് നടത്തുന്നത്. മൂന്നു മത്സരങ്ങളിലും അവസാന റൗണ്ടിൽ 14 പേർ വീതം ഉണ്ടാവും. കൊവിഡ്19 ലോക്ക് ഡൗൺ കാലം കഴിഞ്ഞ് പൊതു ജീവിതം സാധാരണമാകുന്നതോടെ മൂന്നു മത്സരങ്ങളുടെയും ഫൈനൽ സംഘടിപ്പിച്ച് വിജയിയെ കണ്ടെത്തി കാഷ് അവാർഡുകൾ നൽകും. നിലവിൽ കൊറോണയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബശ്രീ വളരെ സജീവമാണ്. മാസ്ക്, സാനിറ്റൈസർ നിർമാണം, കമ്മ്യൂണിറ്റി കിച്ചൺ, മാനസിക സമ്മർദമകറ്റുന്നതിന് സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, കമ്മ്യൂണിറ്റി കൗൺസിലർമാർ വഴി കൗൺസിലിങ്ങ് എന്നിങ്ങനെ നിരവധി മേഖലയിൽ  കുടുംബശ്രീ ഊർജ്ജിതമായി പ്രവർത്തിച്ചു വരികയാണ്. നല്ല

പാട്ടുകാരിയും നല്ല കവയിത്രിയും നല്ല ഫോട്ടോഗ്രാഫറുമെല്ലാം ആരാണെന്നറിയണമെങ്കിൽ ഇനി ഈ അടച്ചിടൽ കാലം കഴിയുന്നതും കാത്തിരിക്കുകയാണ് ജില്ലയിലെ കുടുംബശ്രീ വനിതകൾ.